# ഇവിടം ഗംഗാതീരം




ഇവിടം ഗംഗാതീരം
പുണ്യമീ നദീതടം
ഇവിടം സനാതന
ധർമ്മ സംഗമസ്ഥലം.

ഇതിലേ, ഭഗീരഥൻ
തൻെറ പിന്നാലേ, സ്വർഗ്ഗ
ഗംഗയായിരുന്ന നീ
വന്നതാം കഥയോർത്തു
നിന്നു ഞാനൊരു മാത്ര;
നിന്നിലൂടൊഴുക്കട്ടെ
എൻെറ പൂർവികർക്കായി
ഞാനുമിത്തിലോദകം.

ധന്യമീപ്പുലർകാലം;
ഇവിടം സന്ധ്യാരാഗ–
സിന്ദൂരമണിയുമീ
നിമിഷങ്ങളിൽ, മൗന–
സാന്ദ്രമായ് മനം ഭൂത–
കാലസാനുവിൽക്കൂടെ
പാഞ്ഞു പോകുന്നു; വീണ്ടു–
മെൻെറയീ ത്തോണിക്കുള്ളിൽ
നിന്നു ഞാൻ വിതറുന്ന
പൂവുകൾ മുങ്ങിത്താണും
പൊങ്ങിയുമൊഴുകിപ്പോയ്
മായുന്നു നിൻമാറിതിൽ.

നഗരപ്രാന്തങ്ങൾ വി–
ട്ടിതിലേ താഴോട്ടു നീ
ഒഴുകിപ്പോകു പുത്തൻ
പാതാളമല്ലോ മുന്നിൽ.

എവിടെബ്ഭഗീരഥൻ?
കപിലാശ്രമപ്രാന്ത–
മിവിടം; കിടക്കുന്നു
ചാമ്പലായിന്നും മുന്നിൽ

സഗര കുമാരൻമാർ
തർപ്പണം കാത്തീ മണ്ണിൽ.
വരു നീ ഭഗീരഥ!
നയിക്കൂ വിൺഗംഗയെ. ■